ഉത്തരം

(എ) ഉണ്ട്.

(ബി) ഡെഫേദാർമാരുടെ തസ്തികകളും കൂടുതലായി സൃഷ്ടിക്കുക, എല്ലാ ടെസ്റ്റുകളും മലയാളത്തിലാക്കുക, നല്ലതരം തുണിയിലുള്ള യൂണിഫാറം നൽകുക, വനിതാശിപായിമാർക്ക് യൂണിഫാറം നൽകുക, ലാസ്റ്റു ഗ്രേഡ് ജീവനക്കാർക്ക് സ്പെഷ്യൽപേയും പാദരക്ഷയും നൽകുക സീനിയാറിറ്റി ലിസ്റ്റു പ്രസിദ്ധപ്പെടുത്തുക, സ്കാവഞ്ചറൻമാർക്ക് സോപ്പും, ടവ്വലും അനുവദിക്കുക മുതലായ ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

(സി) വനിതാ ശിപായിമാർക്ക് യൂണിഫാറം അനുവദിച്ചുകൊണ്ടും സ്കാവഞ്ചർമാർക്ക് സോപ്പും, ടൗവ്വലും അനുവദിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റുള്ള കാര്യങ്ങളും ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(ഡി) ഉന്നയിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങളുടെ എല്ലാ വശങ്ങളും പരിശോധിച്ച് കഴിയുന്നതും വേഗം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

II ADJOURNMENT MOTION

Unauthorised Utilisation of the Siruvani Waters

മി. സ്പീക്കർ: ശിരുവാണി നദീജലം തമിഴ്നാട് അനിയന്ത്രിതമായി ഉപയോഗിക്കുന്നുവെന്നുപറഞ്ഞ് ബഹുമാനപ്പെട്ട ആർ. കൃഷ്ണൻ (പാലക്കാട്) എം. എൽ. എ. ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നു.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, 9 a.m.] ശിരുവാണി അണക്കെട്ടിനെ സംബന്ധിച്ചുള്ള വാർത്ത കിട്ടിയതിനു ശേഷം ഗവൺമെൻറ് അതിനെസംബന്ധിച്ച് കാര്യമായ അന്വേഷണം നടത്തുകയുണ്ടായി. കോയമ്പത്തൂർജില്ലയിൽ 3000-ത്തിൽ പരം ഏക്കർഭൂമി ജലസേചനം നടത്തുന്നതിന് വേണ്ടി 56000-ത്തിലധികം രൂപ ചെലവാക്കി അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നുവെന്നാണ് ഈ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. അതുപൊലെതന്നെ കോഴിക്കോട് ഡിസ്ട്രിക്ട് ഗസറീയറിൽ ഇതുസംബന്ധിച്ച ഒരു പരാമർശവും ഉണ്ടായി എന്ന് ഈ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. തമിഴ്നാട് ഗവൺമെൻറും കേരളഗവൺമെൻറും തമ്മിൽ ഈ നദീജലം ഉപയോഗിക്കുന്നതിനെ സംബന്ധിച്ചുള്ള കരാറിന്റെ പരസ്യമായ ലംഘനമാണെന്നു ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ട് വായിച്ചാൽ കുറെ ആശങ്ക കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇതു സംബന്ധിച്ച് ഗവൺമെൻറ് ഉടനെതന്നെ അന്വേഷണം നടത്തുകയുണ്ടായി. ഏതെങ്കിലും നടപടി ഇതു സംബന്ധിച്ച് തമിഴ്നാടുഗവൺമെൻറ് ചെയ്തിട്ടുണ്ട് എന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇറിഗേഷൻ സൂപ്രണ്ടിംഗ് ഇഞ്ചിനീയറും അതുപോലെ എക്സിക്യൂട്ടീവ് ഇഞ്ചിനീയറുമെല്ലാം സ്ഥലത്തു പോകുകയും ആവശ്യമായ അന്വേഷണം ഉടനടി നടത്തുകയും ചെയ്തു. പക്ഷേ ഇങ്ങനെ എന്തെങ്കിലും നടപടി അവിടെ സ്വീകരിച്ചതായി കാണുന്നില്ല. എന്നാൽ മദ്രാസിൽ ഡയറക്ടർ ഓഫ് സ്റേഷനറി ആൻഡ് പ്രിൻറിംഗ് പ്രസിദ്ധീകരിച്ചിട്ടുള്ള മദ്രാസ് ഡിസ്ട്രിക്ട് ഗസറീയർ, കോയമ്പത്തൂർ 66 എന്ന പ്രസിദ്ധീകരണത്തിന്റെ 252-ാമത്തെ പേജിൽ ഒരു പ്രത്യേകമായ പരാമർശം കാണുന്നുണ്ട്. അതിൽ ഒരു വാചകമേ ഉള്ളൂ, ആ വാചകം അങ്ങയുടെ അനുവാദത്തോടുകൂടി വായിക്കാം:

LIBRARY ARCHIVES Kerala Legislative Assembly

"Recently under the grow more food campaign the dam has been raised by 4 feet to divert the available water supply from siruvany in to the Neyyar for the better supply into the existing Neyyar Channel and cost of Rs. 52,000 for works and Rs. 67,000 to 664 direct and indirect charges 1970. Note on rrigation in the Koyambathur District ley C. N. Kuthaw, 4th March 1963".

അങ്ങനെ ഒരു പ്രസ്താവന, ഒരു പരാമർശം ഈ പ്രസിദ്ധീകരണത്തിൽ കാണുന്നുണ്ട്. ഇതു സംസ്ഥാന പുനഃസംഘടനയ്ക്കു മുമ്പ് നടന്ന ഒരു കാര്യമായിട്ടാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. അതിനുശേഷം മദിരാശി ഗവൺമെൻറ് ഈ ഗസറീയറിൽ പരാമർശിച്ചിട്ടുള്ള വിധത്തിൽ യാതൊന്നും ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഏതായാലും ഈ റിപ്പോർട്ട് വന്നതിനുശേഷം ഗവൺമെൻറ് വളരെ കാര്യമായ അന്വേഷണം നടത്തി. ഈ റിപ്പോർട്ടിൽ പറയുന്ന വിധത്തിൽ യാതൊരു നടപടിയും അവിടെ നടന്നതായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗസറീയറിലുള്ള പരാമർശങ്ങളാണ് ഇത്തരം ഒരു വാർത്തയ്ക്ക് അടിസ്ഥാനമായി വന്നിട്ടുള്ളത്. ഇന്നലെ മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചതുപോലെ തമിഴ്നാടും കേരളവും തമ്മിലുള്ള നദീജല തർക്കങ്ങൾ രഹസ്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ആർ. കൃഷ്ണൻ: പാലക്കാട്): മദ്രാസ് ഗവൺമെൻറിനെ എന്തെങ്കിലും എഴുതി അറിയിക്കുവാൻ ഈ ഗവൺമെൻറ് തയാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതു സംസ്ഥാന പുനഃസംഘടനയ്ക്ക് മുമ്പുണ്ടായ സംഗതിയാണ്.

ശ്രീ. ആർ. കൃഷ്ണൻ: (പാലക്കാട്): മുമ്പു മദ്രാസിലെ ജനങ്ങൾ അനുഭവിച്ച ഒരു സൗകര്യമാണെന്നു വാദിക്കാൻ തുടങ്ങിയാലോ? അതേക്കുറിച്ച് എന്തെങ്കിലും ചെയ്യാൻ ഭയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ കാര്യങ്ങളെല്ലാം ഈ വരുന്ന ചർച്ചാസമയത്തിനുള്ളിൽ വിഷയമാക്കുന്നതാണ്.

III CALLING ATTENTION UNDER RULE 61

Forcible eviction in Taliparamba

മി. സ്പീക്കർ: തളിപ്പറമ്പ് താലൂക്കിൽ വെളുമ്പക്കാട്, മഞ്ഞക്കാട് മുതലായ സ്ഥലങ്ങളിൽ ജൻമിമാർ കുടിയാൻമാരെ ദേഹോപദ്രവം ചെയ്യുന്നതിനെ സംബന്ധിച്ച് ശ്രീ. കെ. പി. രാഘവപ്പൊതുവാൾ റൂൾ 61 അനുസരിച്ച് എഴുതിയിട്ടുണ്ട്.

ശ്രീ. രാഘവപ്പൊതുവാൾ: എൻെറ നിയോജക മണ്ഡലത്തിൽപ്പെട്ട കല്യാടി, ചാണോക്കുണ്ട്, കോട്ടയാടി എന്നീ സ്ഥലങ്ങളിൽ ജൻമിമാർ കുടിയാൻമാരെ മർദ്ദിക്കുകയാണ്. ആ ഭാഗങ്ങളിൽ കൈവശക്കുടിയാൻമാരെ മാറ്റുകയാണ്. അതിൽ ആലക്കോട് തമ്പുരാനും അസനാർ ഹാജിയുടെ അവകാശികളും മറ്റും കുടിയാൻമാരെ ഇറക്കിവിടുകയാണ്. സർ, കൃഷിക്കാരെ പോലീസിൻെറ സഹായത്തോടെ മർദ്ദിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. ഒരു ഭയാനകമായ അന്തരീക്ഷമാണ് ആ ഭാഗത്തുള്ളത്. പ്രത്യേകിച്ച് പോലീസ് മന്ത്രിയോട് ഞാൻ പറയുകയാണ് കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly